


# കുഞ്ഞോളം

## വള്ളിയോടൻ കേളുനായർ സ്മാരക ഹയർ സെക്കണ്ടറി സ്കൂൾ

വരക്കാട് , കോട്ടമല. പി. ഒ

പ്രിയ കൂട്ടുകാരെ !

കാലത്തിന് അനുസരിച്ച് സാങ്കേതിക വിദ്യകൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള നൂതന വിദ്യാഭ്യാസ സരണികളിലൂടെ വിദ്യാഭ്യാസ പ്രക്രിയ അനുദിനം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. മാറിവരുന്ന അഭിരുചികൾക്ക് അനുസരിച്ച് നിരന്തരം നവീകരിച്ചുകൊണ്ടുള്ള വിദ്യാഭ്യാസവളർച്ചയാണ് ഇന്ന് എവിടെയും. കാലാനുസൃതമായി വിദ്യാര്‍ത്ഥികളിൽ നിന്നാവശ്യപ്പെടുന്ന കഴിവുകൾ വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്നു.

കമ്പ്യൂട്ടർ പരിജ്ഞാനം അജ്ഞാനമായിരുന്ന പഴയ തലമുറയിൽനിന്നും കമ്പ്യൂട്ടർ അറിയാത്തവർ നിരക്ഷരരായി പരിഗണിക്കപ്പെടുന്ന പുതിയ തലമുറയിലേക്കുള്ള മാറ്റം. പനയോലകളും കടലാസ്സുകളും പിന്നിട്ട് ഡിജിറ്റൽ യുഗത്തിലേക്കുള്ള പരിണാമം. എഴുത്താണിയുടെയും പേനയുടെയും സ്ഥാനം ഇന്ന് കീബോർഡും മൗസും കയ്യടക്കികഴിഞ്ഞു.

ആർത്തലയ്ക്കുന്ന തിരമാലകളെന്ന് അവകാശപ്പെടുന്നില്ല. ഇത് ശാന്തമായ കുഞ്ഞോളങ്ങൾ മാത്രം. കാലത്തെ അറിഞ്ഞ് മുന്നേറാൻ ചുറ്റുപാടുകളെ മനസ്സിലാക്കി പുരോഗമിക്കാൻ നൂതന വിദ്യാഭ്യാസ വളർച്ച കൈവരിക്കാൻ സാങ്കേതിക വിദ്യയുടെ **കുഞ്ഞോള**ങ്ങളിലൂടെ നമുക്ക് സാധിക്കട്ടെ എന്നാശംസിച്ചുകൊണ്ട് .......................



എഡിറ്റർ.

## സന്ദേശം

*സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുന്നതിനായി കുട്ടികളുടെ ഐ.ടി. കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് വരക്കാട് ഹയർസെക്കന്ററി സ്കൂളിലും നടത്തിവരുന്നു. ഈ പദ്ധതിയുടെ സംരഭമായ ഇ-മാഗസിൻ നിർമ്മിച്ച് പ്രസിദ്ധീകരിക്കുന്നതിൽ അതിയായ സന്തോഷം അറിയിക്കുന്നു. മാഗസിൻ നിർമ്മാണ ത്തിൽ പങ്കെടുത്ത എല്ലാ ലിറ്റിൽ കൈറ്റ് അംഗങ്ങൾക്കും സഹാ യിച്ച മറ്റ് കുട്ടികൾക്കും ഈ അവസരത്തിൽ പ്രത്യേക അഭിനന്ദ നങ്ങൾ. സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ ഈ പദ്ധതിയിലൂടെ സാധിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട്.....*

(ഒപ്പ്)

ഷൈനി എം ജോസ് മരിയ, (എച്ച്. എം).



**താളുകളിലൂടെ.........**

സന്ദേശം.
കാർഷികോത്സവങ്ങൾ - ലേഖനം.
നിങ്ങൾ കേട്ടുവോ - കവിത.
കേരളത്തിനു പുറത്തു നടക്കുന്ന ആഘോഷങ്ങൾ - ലേഖനം.
ഗൃഹാതുരത്വം - കഥ.
സുന്ദരകേരളം - കവിത.
മഹദ്വചനങ്ങൾ - ശേഖരണം.
റോസാപ്പൂവ് - കവിത.
ഭീകരവാദം - ലേഖനം.
പഴഞ്ചൊല്ലുകൾ - ശേഖരണം.
ശാസ്ത്രവിജ്ഞാനം - സയൻസ്.
പ്രകൃതിയും മനുഷ്യനും - ലേഖനം.

ലേഖനം

# കാർഷികോത്സവങ്ങൾ

## പത്താമുദയം

തുലാപ്പത്ത് തുലാമാസത്തിലെ പത്തും പതിനൊന്നും തിയതികളിൽ കൃഷി ക്കാരുടെ സുദിനമാണ് പത്തമുദയം. ആനാളുകളിൽ സൂര്യോദയത്തിന് മുൻപ് ദീപം കണി കാണിക്കുകയും കന്നു കാലികളെ ദീപം കാണിച്ച് ഭക്ഷണം കൊടുക്കുകയും ചെയ്യും. കന്നിവിള കൊയ്ത്തുകഴിഞ്ഞ് രണ്ടാംവിള ആരംഭിക്കുന്നത് പത്താമുദയത്തോടുകൂടിയാണ്.

## കാളയും കുടയും

പുലയർക്കിടയിലുള്ള ഒരു കാർഷികോത്സവമാണ് കാളയും കുടയും. കാളയുടെ രൂപം വസ്ത്രം കൊണ്ട് നിർമ്മിച്ച് വടികളിൻമേൽ കെട്ടിവെച്ച് നൃത്തം ചെയ്തുകൊണ്ട് ഗൃഹം തോറും ചെല്ലുന്നു. ഒരു കുടക്കാരനും ഒപ്പം നൃത്തം ചെയ്യും. തുടി തുടങ്ങിയ വാദ്യോപകരണങ്ങളും ഉണ്ടാവും. കാളയും കുടയും മധ്യകേരളത്തിൽ കണ്ടു വരുന്ന കലാപ്രകടനങ്ങളിലൊന്നാണ്.

## പുത്തരിക്കൊട്ടതി

കാണിക്കാർ മലദൈവങ്ങൾക്കും കുലദൈവങ്ങൾക്കും നടത്തുന്ന ആരാധന കളിലൊന്നാണ് പുത്തരിക്കൊട്ടതി. കൊയ്ത്തുകാലത്ത് നടത്തുന്ന കൊട്ടതിയാണ് പുത്തരിക്കൊട്ടതി. ആദ്യത്തെ കറ്റമെതിച്ചെടുക്കുന്ന നെല്ല് അവിലാക്കി ദൈവങ്ങൾക്ക് നിവേദിക്കുകയാണ് മുഖ്യചടങ്ങ്.

## നെല്ല് കുത്ത് പാട്ട്



വയനാട്ടിലെ കുറിച്യരുടെ ഇടയിൽ നിലവിലുള്ള ഒരു പണിപ്പാട്ടാണിത്. കുഴിയുരലിനു ചുറ്റുമായി നിൽക്കുന്ന നാല് സ്ത്രീകൾ രണ്ട് ഉലക്കകൾ പലസ്പരം കൈമാറിക്കൊണ്ട് നെല്ല്കുത്തുമ്പോൾ പാടുന്ന പാട്ടാ ണിത്. വേഗത്തിൽ നെല്ല് വെളുക്കണമെന്ന് നെല്ലി നോടാവശ്യ പ്പെടുന്ന രീതിയിൽ ആശയം വരുന്ന ഒന്നാണ് നെല്ല് കുത്ത് പാട്ട്.

## പുത്തരി

ആണ്ടുതോറും ആദ്യത്തെ വിളവെടുപ്പ് കഴിഞ്ഞ് പുന്നെല്ലരി ഭക്ഷിച്ചുതുടങ്ങുന്ന ചടങ്ങാണ് പുത്തരി. വിഭവസമൃദ്ധമായ സദ്യ പുത്തരിക്കുതയ്യാറാക്കും. സദ്യക്കു മുൻപ് പുത്തരിയുണ്ട തേനും, പച്ചക്കുരുമുളകും പുന്നെല്ലരിയും ചേർത്ത് കുഴച്ച് ഉരുളയുണ്ടാക്കുന്നതാണ് പുത്തരിയുണ്ട. കാവുകളിലും, ക്ഷേത്രങ്ങളിലും, ഗൃഹകളിലും പുത്തരി പ തിവുണ്ട്.

## കാലിച്ചാന്നൂട്ട്



കൃഷിയും കന്നുകാലിമേയ്ക്കലും മുഖ്യതൊഴിലായി സ്വീകരിച്ച ഒരു ഇടയസമൂഹത്തിന്റെ ആരാധന കേന്ദ്രങ്ങളാണ് കാലിച്ചാൻ കാവുകൾ. കാസർഗോഡുജില്ലയുടെ വിവിധ സ്ഥലങ്ങളിൽ ഇത്തരം കാവുകൾ കണ്ടുവരുന്നു. കൃഷിയുടെ അഭിവൃദ്ധിക്കും കന്നുകാലികളുടെ സംരക്ഷണത്തിനമാണ് പൊതുവേ കാലിച്ചാൻ ദൈവത്തെ ആരാധിക്കുന്നത്. കാലിച്ചാൻകാവുകളെ കാലിച്ചാമരങ്ങൾ എന്നാണു പൊതുവേ വിളിക്കാറുള്ളത്. കാലിച്ചാൻമരസ്ഥാനങ്ങൾ ഒരു ജാതിയുടേതോ കുടുംബത്തിന്റെയോ അധീനതയിലല്ല മറിച്ച് ഒരു സമൂഹത്തിന്റെ പൊതു ആരാധനാലയം ആകുന്നു. കാഞ്ഞിരമരത്തിലാണ് കാലിച്ചാൻ തെയ്യത്തിന്റെ അധിവാസം.

## കമ്പളം



നിലം ഉഴുതുമറിച്ചാണ് വിത്തിടുക. നിലം പാകപ്പെടുത്താൻ കാർഷിക ഉത്സ വമാണ്. കന്നുപൂട്ട് ഗ്രാമീണകേരളത്തിൻെറ ആഘോഷവും ഉത്സവവുമാണ്. കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം ഭാഗങ്ങളിൽ ദീപാവലി മുതൽ ശിവരാത്രി വരെ കമ്പളം എന്ന പോത്തോട്ട മത്സരങ്ങളുടെ കാലമാണ്. മത്സരപോത്തിനെ പ്രത്യേകം ആഹാരം നൽകി പോറ്റിയെടുക്കും. ചെളി നിറഞ്ഞ കമ്പ ത്തെ വയലിനെ ഇളക്കിമറിക്കുന്നതു കാരണമാണ് കമ്പളം എന്ന് ഈ പോത്തോട്ട മത്സരത്തി ന് പേരു വന്നതത്രെ. ഏറ്റവും ഉയരത്തിൽ ചെളിതെറിപ്പിച്ചോടി മുമ്പനാകുന്ന പോത്താണ് മത്സരവിജയി.

കവിത

# നിങ്ങൾ കേട്ടുവോ



കർക്കിടകപ്പേമാരി പെയ്തൊഴിഞ്ഞ്
കുടിലുകൾക്കുള്ളിൽ തീ പുകഞ്ഞു
നെല്ലെല്ലാം കെട്ടിലാക്കി
പാടവരമ്പത്തു ഞാനിറങ്ങി
പതിവുപോൽ തവളക്കരച്ചിലില്ല

കാക്കാലൻ ഞണ്ടിനെ കണ്ടതില്ല
എന്തിതിന്നിങ്ങനെ ഓർത്തുനിലക്കേ
കോൾക്കുന്നതാ ഒരുഘോരശബ്ദം
ആനപോൽ നീണ്ടൊരു തുമ്പിക്കൈയും
തൂണുകൾ പോലുള്ള രണ്ടുകാലും
ഉള്ളൊരാ ജെ.സി.ബി.യെന്നയന്ത്രം
നിമിഷങ്ങൾ കൊണ്ടവൻ നികത്തിടുന്നു
അയലത്തെ തമ്പ്രാന്റെ നീണ്ടപാടം

എൻശോകമേഘമുരുകുകയായ്
കൺകളിൽ കണ്ണുനീർ വിതുമ്പി നിന്നു
നെൽമണിയെല്ലാം വിതച്ച ഞാനും
മടങ്ങയായ് എന്നോലക്കുടിലിലേക്ക്
കാണാത്ത തന്ത്രികൾ മീട്ടിമീട്ടി
അറിയാത്ത പാട്ടൊന്നു മൂളിനോക്കെ
കേൾക്കാമെനിക്കങ്ങു ദൂരെ നിന്നാ
പേക്കൻ തവളകൾ മൂഴം ശബ്ദം.

അലീന, ക്ലാസ്സ് 9

ലേഖനം.

## കേരളത്തിന് പുറത്ത് നടക്കുന്ന ആഘോഷങ്ങൾ

**മകരസംക്രാന്തി:**



കർണാടക, മഹാരാഷ്ട്ര, ഗുജറാത്ത് കൊങ്കൻ പ്രദേശത്തൊക്കെ ജനുവരി മകരസംക്രാന്തി കൊണ്ടാടുന്നു. മുതിർന്നവരും കുട്ടികളും പട്ടം പറപ്പിക്കുന്നു . മധുര പലഹാരങ്ങൾ കൈമാറയുംആഘോഷിക്കുന്നു.

**ലൊഹ്റി:**



പഞ്ചാബികൾ സൂര്യരശ്മികളുടെ ചൂട് ഏൽക്കുമ്പോൾ ലോഹ്റി ആഘോഷിക്കുന്നു. പൗഷമാത്തിൽ ആണ് ഹിമാചലിലെ കർഷകർ ലോഹ്റി ആഘോഷിക്കുന്നത്.

**മരുഭൂമിയിലെ തീജ്:**



വറ്റിവരണ്ട രാജസ്ഥാൻ മരുഭൂമിയിൽ മഴ വരുന്നതോടെ തീജ് ആഘോഷിക്കുന്നു. ഊഞ്ഞാലാടിയും, നൃത്തംചെയ്തും ഗ്രാമീണർ ആഘോഷിക്കുന്നു.

**അസമിലെ ബിഹു:**



അസാമിലെ കാർഷികവർഷത്തിന്റെ തുടക്കത്തിൽ കാർത്തിക മാസത്തിൽ വിത്തുവിതയ്ക്കുമ്പോഴും ഗ്രാമിണർ ഇത് ആഘോഷിക്കുന്നു.


**മേഘലയിലെ കാംബ്ലോങ്ങ് നോങ്ങ് ക്രെം;**



നൃത്തം മൃഗബലി, കൂട്ടഭോജനം ചേർന്ന ആഘോഷം.

അർഷിദ, ക്ലാസ്സ് 9.

## വരകൾ.



അബിൻ റെജി 9B




അശ്വിൻ ടി എ 10B



അർച്ചന രാജു, 9A



അനിത കെ എസ്, 9C



അഭിജിത് 10 B

കഥ

# ഗൃഹാതുരത്വം



**നേരം** വളരെ വൈകിയിരിക്കുന്നു. ഹോസ്റ്റൽ ജനാല യിലൂടെ പുറത്തേ ക്ക് നോക്കിയപ്പോ ൾ അടിച്ചെത്തിയ കാറ്റ് ഒരു മയക്കത്തി ന്റെ ആഴത്തിലേക്ക് എന്നെ വീഴ്ത്തുമോ എ ന്നൊരു സംശയം. പക്ഷേ ഇവിടെ എ ത്തിയതിൽ പിന്നെ സുഖനിദ്ര എന്ന പദം ഞാൻ കേട്ടത് കിടക്കാൻ നേരം കൂട്ടുകാരി പറയുന്നതാണ്, "ഗുഡ് നൈറ്റ് ശിവ" എ ന്ന്. അല്ലാതെ ഇവിടെ എത്തിയതിൽ പി ന്നെ 'ഗുഡ് നൈറ്റ് ' ഞാൻ അനുഭവി ച്ചിട്ടില്ല. ഇങ്ങനെ ഓരോന്ന് ചിന്തിച്ചിരി ക്കുമ്പോഴാണ് പോസ്റ്റ്മാൻ വന്നത്. അമ്മ യുടെ ക ത്തായിരിക്കും. എല്ലാ ആഴ്ചയും അമ്മ കത്തയക്കും. പുതിയതായി ഇറങ്ങിയ നോവലു കളെപ്പറ്റി, മുടിയിൽ പരീക്ഷിക്കേണ്ട കുറ ച്ചെണ്ണകളെപ്പറ്റി, മുറ്റത്ത് നില്ക്കുന്ന മുല്ല മൊട്ടിട്ടതിനെപ്പറ്റി, വാസു വ ല്യച്ഛന്റെ മക ൾ അംബികയുടെ കല്യാണത്തെപ്പറ്റി... അ ങ്ങനെ നിരവധി കാര്യങ്ങൾ. പലപ്പോഴും ഇവിടെ നിന്ന് മതിൽ ചാടി വീട്ടിൽ പോ യി മടുക്കും വരെയും കിടന്നുറങ്ങണം, പശു ക്കുട്ടിയെ തലോടണം, അമ്മയുണ്ടാക്കുന്ന ഉണ്ണിയപ്പം തിന്നണമെന്ന് ഒക്കെയുണ്ട്. പക്ഷേ പ റ്റില്ല. ഇവിടുന്ന് കിട്ടുന്ന ഒരാഴ്ച്ചത്തെ ലീവ് ബന്ധുവീട്ടിലും മറ്റും പോയി വരാനെ തിക യുകയുള്ളൂ. അല്ല! ഞാൻ തന്നെ വരുത്തി വച്ചതാണ് ഈ ഹോസ്റ്റൽ ജീവിതം.


അച്ഛൻ മരിച്ചതിനുശേഷം വീട്ടിലു ണ്ടായിരുന്ന കർക്കശത പാടെ മാറി. അ ങ്ങനെ ഞാൻ ചാടിയതാണ് ഈ ഹോ സ്റ്റൽ ജീവിതത്തിലേക്ക്. ഇവിടെ എത്തി യപ്പോഴാണ് മനസ്സിലായത്, എന്റെ വീട് എത്തു രസമായിരുന്നു. വീട്ടിലെ പൂന്തോട്ടം ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു. അവിടെ ഒന്നു ചുറ്റാൻ, റോസാപ്പൂമൊട്ടുകളിൽ തലോടാൻ, അവിടു ത്തെ പൂമ്പാറ്റകളോട് കിന്നാരം പറയാ ൻ.....

വീടിനെപ്പറ്റി പറയുമ്പോൾ ആദ്യം മനസ്സിൽ വരുന്നത് രാജാരവിവർമ്മയുടെ മ നോഹരമായ പെയിന്റിങ്ങുകൾ നിറഞ്ഞ ചുവരുകളും, ഒരാൾക്ക് ഒളിക്കാൻ മാത്രം പോന്ന തൂണുകളും, അതിൽ ചെയ്തിരിക്കു ന്ന കൊത്തുപണികളുമാണ്. ഇങ്ങനെ എ ല്ലാം മനോഹരമായ എന്റെ നാലുകെട്ടിനു ള്ളിൽ നിന്ന് ഇങ്ങോട്ടു വന്നത് വളരെ ന


ഷ്ടമായിപ്പോയി. വയലാർ രാമവർമ്മയുടെ കവിതകൾ അടുക്കി വച്ച അലമാര, പേറി നടന്ന ആ സുഗന്ധം, ഇടയ്ക്കിടെ ഞാൻ ആസ്വദിക്കുമായിരുന്നു. മുറ്റത്തെ തൈമാവിൽ നിന്ന് ഉതിർന്നു വീണ ഇലകൾ പെറുക്കി കൂട്ടി മാല കെട്ടിയ നാളുകൾ.....അപ്പുറം ഓർമ്മയായി. "ഡീ ശിവാ, നിനക്കൊരു കത്തുണ്ട്." ലച്ചുവാണ് ഈ ചിന്തയിൽ നിന്നുണർത്തിയത്. കത്തു പൊട്ടിച്ച് വായിച്ചു. ഇത്തവണ അമ്മയല്ല. അമ്മാവനാണ്. 'അമ്മയ്ക്ക് അസുഖം കൂടുതലാണ്. നീ വേഗം വരണം.'

എനിക്കറിയില്ല എന്താ പറയേണ്ടതെന്ന്. എന്റെ ഈ നിശ്വാസം എന്തിനുള്ളതാണ് എന്ന് എനിക്കറിയില്ല. അത് ഒരു ചോദ്യചിഹ്നമായി എന്റെ മുമ്പിൽ നിൽക്കുന്നു.......

വീട്ടിലെ അമ്മിണിയമ്മയുടെ കലം പൊട്ടിച്ചതിന് പുളി മരത്തിൽ കെട്ടിയിട്ട് തല്ലിയതിന് പേടിച്ച് പനി പിടിച്ചതും ഉറങ്ങുന്നതുവരെ അമ്മ കൂടെ ഇരുന്ന് ചുക്കുകാപ്പി വച്ച് തന്നതും, അമ്മിണിയമ്മ അതുകണ്ട് വന്നതും, എല്ലാം



ചിഞ്ചു, ക്ലാസ്സ് 9.



കവിത




**കേരളം......കേരളം**
**കേളീനടനം ആടുന്ന കേരളം**
**ദൈവത്തിൻ നാടാണെൻ കേരളം**
**കേരവൃക്ഷങ്ങൾ നിറഞ്ഞ നാട്**


**നൻമകൾ കൊയ്യുന്ന നല്ല നാട്**
**പുഴകളും തോടും മലകളുമായി**
**പ്രകൃതി സൗന്ദര്യം നിറഞ്ഞ നാട്**



**ഹിന്ദുവും ക്രിസ്ത്യനും മുസ്ലീമും**
**ഒന്നിച്ച ചേർന്നുള്ള പുണ്യനാട്**
**മാരുതൻ തൻ വരവോടെ**
**മാമരങ്ങൾ ആടുന്ന**
**വിദ്യാസമ്പന്നമാണെൻ നാട്**
**പറവകൾ പാടുന്ന പാട്ടുകൾക്കൊപ്പം**
**ചുവടുകൾവയ്ക്കുന്ന മലയാള നാട്**
**നൻമയുടെ മാതൃകയാണെൻ കേരളം**
**അറിവിന്റെ കേതാരമാണെൻ കേരളം**
**വിദ്യാസമ്പന്നമാണെൻ കേരളം .**



## മഹത് വചനങ്ങൾ




"ആത്മാവിനെ സ്നേഹിക്കുന്നവർ അധർമ്മം ചെയ്യാൻ ഭയപ്പെടുന്നു."

- ശ്രീനാരായണഗുരു

"അനുസരണ സന്നദ്ധത ലക്ഷ്യത്തോടു താല്പര്യം എന്നിവ നീങ്ങൾക്കുണ്ടെങ്കിലും നിങ്ങളെ പിന്തിരിപ്പിക്കാനാവില്ല" -സ്വാമിവിവേകാനന്ദൻ




"നിങ്ങൾക്ക് പൂച്ചെടികൾ ഉണ്ടാക്കിയാൽ മതിയെങ്കിൽ ആതിന് ചെടിയിലെ മണ്ണ് തന്നെ വേണം. മാമരങ്ങളാണ് ഉണ്ടാക്കേണ്ട തെങ്കിൽ അതിന് ഭൂമിയിലെ മണ്ണ് തന്നെ വേണം"

- രവീന്ദ്രനാഥടാഗോർ

"പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക"

- മഹാത്മാഗാന്ധി.




"പാത്രം നിറയുന്നത് തുള്ളികളായാണ്."

"നന്നായി കുരയ്ക്കുന്ന ഒരു നായ നല്ല നായ ആയിരിക്കില്ല. നന്നായി സംസാരിക്കുന്ന ഒരുവൻ നല്ല മനുഷ്യൻ ആയിരിക്കണമെന്നില്ല".

"മറയ്ക്കാൻ പറ്റാത്ത മൂന്ന് കാര്യങ്ങൾ : സൂര്യൻ, ചന്ദ്രൻ, സത്യം."

"നമ്മെ നാമാക്കുന്നത് നമ്മുടെ ചിന്തകളാണ്."

- **ശ്രീബുദ്ധൻ.**

കവിത




റോസാപ്പൂവേ റേസാപ്പൂവേ
പൂക്കളിൽ റാണിയാം റേസാപ്പൂവേ
നിൻ സൌന്ദര്യം ളുകുന്നമേനിയും
നീലിമയാർന്ന പൂവിതളും

നിൻ ഭംഗിയെഴും വർണ്ണനിറവും
എന്നും കണ്ണുകൾ ക്കാനന്തമാകുന്ന
നിൻ ചെറുപ്പൂവിൻ സൌന്ദര്യം
നിണകാണുമ്പോൾ കാഹളനാദം

എൻമലർവാടിയിൽ. മൊട്ടിട്ടുനിൽക്കുന്ന
ചെറുപുഷ്പമല്ലയോ നീ
ചെറുകാറ്റിലാടിനിനൃത്തം ചവിട്ടുമ്പോൾ
**നിൻ പൂമണം എന്നെ കുളിരുകോരണിയിക്കുന്നു.**



ലേഖനം



## ഭീകരവാദം


**ഭീകരവാദം -**

**സമാധാനത്തിന്റെ ഘാതകൻ.**

ഭീകരവാദം സ്വതന്ത്ര ഇന്ത്യ നേരിടുന്ന വലിയ വെല്ലുവിളിയാണ്. നമ്മുടെ കൊച്ചു കേരളത്തിൽ വരെ എത്തിയിരിക്കുന്നു. ഭീകരവാദികൾ നമ്മുടെ രാജ്യത്തിലെ സമാധാനം നശിപ്പിക്കുന്നു. ഇവരു ടെ ഹൃദയം വളരെ കഠിനമാണ്.




സ്നേഹം, ദയ, കാരുണ്യം തുടങ്ങിയ മാനവിക മൂല്യങ്ങൾ ഇവരുടെ മനസിൽ നിന്നും മാഞ്ഞുപോയിരിക്കുന്നു. അവർക്ക് ഒരൊറ്റ ലക്ഷ്യം മാത്രമേയുള്ളൂ. ഭീകരവാദം പ്രചരിപ്പിക്കുക. അങ്ങനെ രാജ്യത്തെ നശിപ്പിക്കുക. ഇന്ത്യയെക്കൂടാതെ ലോകത്തിലെ മറ്റു പല രാജ്യ ങ്ങളും ഭീകരവാദത്തിന്റെ അടിമകളാണ്. ഇതിന്റെ ഫലം അനുഭവിക്കേണ്ടിവരുന്നത് പാവപ്പെട്ട സാ ധാരണക്കാരാണ്. പലർക്കും ഉറ്റവരും ഉടയവരും നഷടപ്പെടുന്നു. വിടരും മുമ്പേ കൊഴിഞ്ഞു വീഴുന്ന കുരുന്നുകൾ. അമ്മയുടെ സ്നേഹവും, ലാളനയും നുകർന്നു കൊതിതീരും മുൻപേ ഭീകരവാദം എന്ന ഭീകരൻ അവരുടെ കൈകാലുകൾ ഛിന്നഭിന്നമാക്കി മാറ്റുന്നു. ഒരുപാട് പേരുടെ ജീവിതങ്ങൾ കാർന്നു തിന്നുന്ന ഭീകര ജീവിയാണ് തീ വ്രവാദം. രാ ജ്യത്തിന്റെ സമാധാനവും ശാന്തിയും ഇവർ നശിപ്പിക്കുന്നു.



ഭീകരവാദം തുടച്ചു മാറ്റാൻ ഭീകര വാദികളെ ഉൻമൂലനം ചെയ്യാൻ നമ്മൾ ഓരോരുത്തരും പ്രയത്നിക്കേണ്ടത് ഇന്ന് വള രെ അത്യാവശ്യമായിരിക്കുന്നു.നമ്മുടെ രാജ്യ ത്തിന്റെ മാനം കാക്കാൻ പല ധീരനേതാ ക്കളും ജീവത്യാഗം ചെയതിട്ടുണ്ട്. നമ്മെ ന മ്മുടെ രാജ്യത്തെ സ്വതന്ത്രമാക്കാൻ ഈ ധീരദേശാഭിമാനികൾ അവരുടെ ജീവൻ പോലും ബലികഴിപ്പിച്ചിട്ടുണ്ട് ഈ പാരമ്പര്യം നാം കാത്തുസൂക്ഷിക്കുകയും നമ്മുടെ ധീരയോദ്ധാക്കളെ സ്മരിക്കുകയും ചെയ്യുക.



## പഴഞ്ചൊല്ലുകൾ




- അമ്മയെ തല്ലിയാൽ രണ്ടുണ്ട് പക്ഷം.
- അകത്തു കത്തിയും പുറത്ത് പത്തിയും.
- അകലേ ഉഴുത് പകലേ പോരുക.
- അങ്കം വെട്ടാതെ നാടുപിടിക്കാനൊക്കുമോ.

- അങ്ങാടിയിൽ തോറ്റാൽ അമ്മയോടോ.
- അച്ഛൻ ഇച്ഛിച്ചതും പാല്, വൈദ്യൻ വിധിച്ചതും പാല്.
- അച്ഛൻ ചത്ത് കട്ടിലേറാൻ കൊതിക്കരുത്.
- അച്ഛനാനപ്പാപ്പാനെന്നെവച്ച് മകന്റെ ചന്തിക്കും തഴമ്പുണ്ടാകുമോ?
- അടക്കമില്ലാഞ്ഞാൽ അടുപ്പിൽ.







- അങ്കവും കാണാം താളിയുമൊടിക്കാം.
- അടികൊണ്ട വിദ്യയേ അരങ്ങത്തുള്ളൂ.
- അടിതെറ്റിയാൽ ആനയും വീഴും.
- അട്ട കടിച്ചാൽ കടലിലെ വെള്ളം വറ്റുമോ?
- അണ്ടിപോയ അണ്ണാനെ പോലെ .

- അകലെയുള്ള ബന്ധുവിനേക്കാൾ നല്ലത് അടുത്തുള്ള ശത്രു.



- അടയ്ക്ക കട്ടാലും ആന കട്ടാലും കള്ളനെന്നാ പേര്.
- പന്തീരാണ്ട് കൊല്ലം കുഴലിലിട്ടാലും നായയുടെ വാല് വളഞ്ഞ് തന്നെ.

**സമ്പാദകം:** കവിത,

ക്ലാസ്സ് 9

സയൻസ്




- **എന്താണ് മൈഗ്രേൻ?**

  -മൈഗ്രേൻ ഒരു മൾട്ടി -സിംഡ്രം-ഡിസോർഡറാണ്

  4-72 hr വരെ നീണ്ടുനിൽക്കുന്ന തലവേദന.

  ഛർദ്ദി, വയറുവേദന, മലബന്ധം എന്നിവ ലക്ഷണങ്ങൾ.

- **എന്ത് കൊണ്ടാണ്സൂര്യനെ നോക്കാൻ കഴിയാത്തത്?**

  -അൾട്രാവയലറ്റ് റേയ്സ് കാരണം. കൂടുതൽ അൾട്രാവയലറ്റ് റേയ്സ് കണ്ണിന്റെ കോർണിയയെ ബാധിക്കും.

  ഇതിനെ ഫോട്ടോകെറാലിറ്റിറ്റിസ് എന്ന് പറയുന്നു. കണ്ണിലെ പ്രോട്ടീനുകളെ ഈ റേയ്സ് മാരകമായി ബാധിക്കുന്നു. കട്ടാക്റ്റ് സോളാർ റെറ്റിനോപാറ്റി ഉണ്ടാകുന്നു.

- **എങ്ങനെയാണ് കോഫിയിലെ കാഫിനെ ഡികാമിനേറ്റ് ചെയ്യുന്നത്?**

  -കോഫിയിൽ കാഫിനെ നമ്മെ കൂടിതൽ ഊർജ്ജമുള്ളതാക്കി മാറ്റും. ന്നാൽ ഇല്ല ചിലപ്പോൾ ആരോഗ്യത്തെ ബാധിക്കും. അതിനാൽ കാഫിനെ കോഫിയിൽ നിന്ന് വേർതിരിക്കും. സോൾപന്റ് ബേസ് മെത്തേഡ്.

- **ചന്ദ്രനിൽ നിന്ന് നോക്കിയാൽ കാണുന്ന ഏക മനുഷ്യ നിർമ്മിത വസ്തു?**

  -ചൈനാ വൻമതിൽ

- **മാഗ്നെറ്റ് നിർമ്മിച്ചിരിക്കുന്നത് ?**

  -ഐനിക്കോ

- **ഏറ്റവും കൂടുതൽ സംയുക്തമുള്ള മൂലകം?**

  -കാർബൺ

- **മെർക്കുറി ചേർന്ന ലോഹസങ്കരം?**

  **-അമാൽഗം**

- **വെള്ളത്തിലെ പോഷകഗുണം കൂടുമ്പോഴുള്ള അവസ്ഥ?**

  -യൂട്രോഫിക്കേഷൻ.


- **രാസസൂര്യൻ എന്ന് അറിയപ്പെടുന്നത്?**

  **-മഗ്നീഷ്യം**



ഉപന്യാസം

**ശ്യാമ, ക്ലാസ്സ് 9**




പ്രകൃതി ഒരു വാക്കിലും ഒരു നോട്ടത്തിലും ഒരു കാലത്ത് വർണ്ണിക്കാനാവാത്ത വിശ്വ മനോഹാരിത രൂപം. മഴയും വസന്തവും എല്ലാം നിറഞ്ഞ ഒരു സുധിനം. ഈ സുധിനവും സൗന്ദര്യവും ആസ്വദിക്കാൻ നമ്മൾക്ക് കഴിയുന്നില്ല.



വസന്തത്തിന് പൂവെന്നപോലെ, ആകാശത്തിന് മാരിവില്ലെന്നപോലെ, മനുഷ്യന് പ്രകൃതി വേണം. പ്രകൃതിയില്ലാതെ ഒരു നിമിഷം പോലും മനുഷ്യന് ഈ ഭൂമിയിൽ ജീവിക്കാനാവില്ല. അതുപോലെ ഒരു ജീവിക്കും.

പ്രകൃതി നമ്മുടെ അമ്മയാണ്. അത് മനസ്സിലാക്കാതെയാണ് ആധുനിക മനുഷ്യന്റെ ഓരോ പ്രവൃത്തിയും.

കോടാനുകോടി വർഷങ്ങൾക്കുമുമ്പേ രൂപം കൊണ്ടതാണ് പ്രകൃതി. അനേകം ജീവജാലങ്ങൾ ജന്മമെടുത്തതിനു ശേഷമാണ് ഭൂമിയിൽ മനുഷ്യൻ ജന്മമെടുത്തത്. മനുഷ്യൻ ഭൂമിയിലെത്തുന്നതിനു മുൻപ് മൃഗങ്ങൾ സന്തുലിതമായ അവസ്ഥ പുലർത്തിയിരുന്നു. ഭൂമിയിലെത്തിയ മനുഷ്യൻ തന്റെ സവിശേഷ ബുദ്ധിയുപയോഗിച്ച് എല്ലാത്തിനെയും കീഴ്പ്പെടുത്തി. മനുഷ്യന്റെ പ്രവൃത്തികൾ ഇന്ന് പ്രകൃതിക്ക് അങ്ങേയറ്റം ദോഷമായിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെ പോയാൽ പ്രകൃതി എന്നെന്നേക്കുമായി നശിക്കും. ഇതിന്റെ സൂചനകളാണ് ഇന്ന് നാം കാണുന്നത്.



**ശ്യാമ, ക്ലാസ്സ് 9**

## കടപ്പാട്


*ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കാൻ*

*സഹായിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും*

*നേതൃത്വം നൽകിയ ജിഷ ടീച്ചർക്കും സീമ ടീച്ചർക്കും*

*ഒരായിരം നന്ദി....................*

**എഡിറ്റർ**



## പിന്നിൽ പ്രവർത്തിച്ചവർ

ശ്യാമ

സുസ്മിത

ഹർഷിദ

മരീന തോമസ്

ആൻ മരിയ

മിതുല

ചിഞ്ചു രാജു

ക്രിസ്റ്റി

ജോബിൻ ജോർജ്ജ്.